ഹോളി ഫാമിലി ജി. എച്ച്. എസ്. കൈനകരി
46056

# @ടെക് ട്രെന്റ്സ്

## ഡിജിറ്റൽ മാഗസിൻ

2022-25

# സമർപ്പണം

ഈ ന്യൂജൻ കാലഘട്ടത്തിൽ
വളർന്നുവരുന്ന സാങ്കേതിക വിദ്യയിൽ
അറിവ് നുകർന്ന് ലിറ്റിൽ കൈറ്റ്സ്
കുട്ടികൾ അവതരിപ്പിക്കുന്ന
ഈ പ്രവർത്തനം പുതു തലമുറക്കായി
സമർപ്പിക്കുന്നു..............

# മുഖമൊഴി

കുട്ടികളുടെ സർഗാത്മകക കഴിവുകൾ വികസിപ്പിക്കുവാനും സാങ്കേതിക വിദ്യയിൽ അറിവു നേടി വളരുന്നതിന് ഡിജിറ്റൽ മാസിക അനിവാര്യമാണ്. ' @ ടെക്_ട്രന്റ്സ് ' എന്ന പേര് നൽകി തയാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിന് പിന്നിൽ അദ്ധ്വാനിച്ചവർ അനവധിയാണ്. അവർക്ക് എല്ലാ നന്മകളും നേരുന്നു.

ചീഫ്എഡിറ്റർ ;

സി. ദീപ്തി മരിയ
സിനി കെ ജോസഫ്

# ആശംസകൾ

പ്രിയപ്പെട്ടവരെ ,

ലോകം  എ . ഐ യുടെ  കീഴെ വരുന്നതിന്റ ഭാഗമായി
നമ്മുടെ വിദ്യാലയത്തിലെ  ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ
തയ്യാറാക്കുന്ന  '@ടെക് ട്രന്റസ്' എന്ന ഡിജിറ്റൽ മാസികക്ക്
എല്ലാ ആശംസകളും നേരുന്നു

ഈ സ്വപ്നം  യാഥാർഥ്യമാകാൻ

നിരവധി അദ്ധ്യാപകരും വിദ്യാർത്ഥിനികളും കഠിനാധ്വാനം ചെയ്ത
എല്ലാവരെയും അഭിനന്ദിക്കുന്നു

ദൈവാനുഗ്രഹം ഉണ്ടാകട്ടെ

കൈനകരി

***22-02-2024***

# എഡിറ്റോറിയൽ

മാനേജിങ് എഡിറ്റർ:  ജെസമ്മ ജോസഫ്
ചീഫ് എഡിറ്റർ:  സി.ദീപ്തി മരിയ, സിനി കെ ജോസഫ്
എഡിറ്റേഴ്സ് : കെസിയ മരിയ ജോർജ്ജ് ,
ബിനിമോൾ തോമസ്
മെറിൻ ജേക്കബ്,
അതുല്യ പി. യു,
ആഷ്ലി തോമസ്,
ബെല്ലസ്സി തോമസ് ,
സോനാ ജോസഫ്,
ജൂലിയറ്റ് മരിയ ജോജോ,
അനു ചാക്കോ,
ഗായത്രി കൃഷ്ണ ആർ എൽ,
അഭിനന്ദ എസ്,
ദിയ മോൾ ബി

# ഇതളുകൾ


1. തിരുകുടുംബം..................................8
2. പൂച്ച..................................................9
3. ഒട്ടകത്തിന്റെ ശരീരത്തിൽ ഒരു ജല-
സംഭരണിയുണ്ടോ?........................10
4. എന്റെ കുട്ടനാട് ..................................11
5. കിങ്ങിണി പൂച്ച..................................12
6. ആലപ്പുഴ............................................ 13
7. പോർക്കളത്തിലേക്ക്...........................14
8. ചന്ദ്രയാൻ-3.......................................15
9. പോഷകാഹാരകുറവ്...........................16
10. മഴ..................................................17
11. എന്റെ വീട്.......................................18
12. എന്റെ കുട്ടനാട്..................................19
13. കാവ്യം രസാത്മകം............................20
14. നായയും പെരുംമ്പറയും......................21
15. ഗാന്ധി..............................................22
16. പാവം ഭൂതത്താൻ................................23
17. സ്വാതന്ത്ര്യദിനവും ഓണാഘോഷവും..........24
18. പരുന്തും പാമ്പും....................................25
19. കോവിഡ് മാഫിയ....................................26
20. വിഢിക്കഴുത............................................27
21. വഞ്ചിപ്പാട്ട്..............................................28
22. കുറുക്കനും മുയലും.................................29
23. കേരളീയ കലകൾ....................................31

24. സമയം നോക്കാൻ മാത്രമല്ല സ്മാർട്ട് വാച്ച് !....................................33
25. ബാല്യകാലം..........................................34
26. ആയുർവേദ ചെടികൾ..............................35
27. കേരളത്തിലെ പൂക്കൾ............................37
28. അമ്മ..................................................39
29. മത്സ്യകന്യകയും സിംഹവും.......................40
30. ചെറിയ മീനും മുക്കുവനും........................41
31. സോഷ്യൽ മീഡിയ.................................42
32. മൃഗങ്ങൾ.............................................43
33. പകരം...............................................44
34. കുട...................................................45
35. മയിലിന്റെ പരാതി.................................46
36. തിരമാലയിൽ നിന്നും ഊർജം.....................47
37. കടങ്കഥകൾ..........................................48
38. ഫിഫ ലോകകപ്പ് ക്വിസ്.............................49

# തിരുകുടുംബം



നസ്റത്തിലെ തിരുകുടുംബത്തിന്റെ മാതൃകയിൽ ജീവിക്കുന്ന ഓരോ കുടുംബത്തിനും എന്തൊക്കെ കുറവുകളും ദൗർഭല്യങ്ങളും ഉണ്ടെങ്കിലും ഈ ലോകത്തിലെ ഇരുട്ടിൽ വെളിച്ചം പകരാൻ അവർക്ക് സാധിക്കും.കുടുംബത്തിന്റെ സൗന്ദര്യം സ്നേഹമാണ് ഈശോയും മാതാവും യൗസേപ്പിതാവുമടങ്ങുന്ന കുടുംബത്തിൽ സ്നേഹം ആവോളം ഉണ്ടായരുന്നു.ഗബ്രിയേൽ ദൈവദൂതൻ പരിശുദ്ധമാതാവിന് പ്രത്യക്ഷപ്പെടുന്നതു മുതൽ ഈശോയുടെ കുരിശു മരണം വരെയുള്ള ബൈബിൾ ഭാഗങ്ങളിലൂടെ നാം കടന്ന് പോകുമ്പോൾ ഈ ലോകത്തിലെ ഒരു കുടുംബവും അനുഭവിച്ചിട്ടില്ലാത്ത അത്ര പ്രതിബന്ധങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയുമാണ് തിരുകുടുംബം കടന്നുപോകുന്നത്. സത്രങ്ങളിൽ എവിടെയും ഇടം ലഭിക്കാതെ കാലിത്തൊഴുത്തിൽ ഈശോക്ക് ജന്മം നല്കേണ്ടി വരുമ്പോഴും പരിശുദ്ധമാതാവ് പരിഭവങ്ങൾ ഒന്നും പറയുന്നില്ല.നസ്രത്തിൽ നിന്ന് ഈജിപ്തിലേക്ക് പാലയനം ചെയ്യുമ്പോഴും തച്ചനായി കുടുംബത്തെ പോറ്റുമ്പോഴും യൗസേപ്പിതാവ് തന്റെ കർത്തവ്യങ്ങൾ ത്യാഗപൂർവ്വം നിറവേറ്റി.

ഏവരെയും തിരുകുടുംബം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.............

നന്ദി.

## പൂച്ച



നമ്മുടെ വീടിനുള്ളിൽ സർവ്വ സ്വാതന്ത്ര്യത്തോടും കൂടി ജീവിക്കുന്നതിനു നാം ഒരു മൃഗത്തിനേ അനുവാദം കൊടുത്തിട്ടുള്ളൂ; പൂച്ചക്ക്. ഭക്ഷണമുറിയിൽ, കിടപ്പുമുറിയിൽ, സ്വീകരണമുറിയിൽ, മടിയിൽ, കട്ടിലിൽ, കാൽച്ചുവട്ടിൽ.

പൂച്ചക്കു നമ്മുടെ സ്നേഹം വേണം, പരിചരണം വേണം. തിടുക്കത്തിൽ വെളിയിലേക്ക് പോകുന്ന പൂച്ചയെ പിടിച്ചുനിർത്തി പുറത്തു രണ്ടും മൂന്നും തവണ തലോടിയാൽ അത് യാത്ര മതിയാക്കി നമ്മുടെ സമീപത്തിരിക്കും. അങ്ങോട്ട് സ്നേഹിച്ചാൽ തിരിച്ചും സ്നേഹം നൽകുന്നവയാണ് പൂച്ചകൾ. അതിനാൽ തന്നെയാണ് പൂച്ചകൾ എല്ലാവർക്കും പ്രിയപ്പെട്ട വളർത്തുമൃഗമായത്.

# ഒട്ടകത്തിന്റെ ശരീരത്തിൽ ഒരു ജലസംഭരണിയുണ്ടോ?

മരുഭുമിയുടെ നടുവിൽ ഒറ്റപ്പെട്ടുപോയ അറബി ഒട്ടകത്തെ കൊന്ന് ജലസഞ്ചി കൈക്കലാക്കി ദാഹശമനം നടത്തിയതായി പറഞ്ഞുകേൾക്കാറുണ്ട്. അങ്ങനെയൊരു ജലസംഭരണി ഒട്ടകത്തിനില്ല. എങ്കിലും അവയ്ക്ക് വെള്ളം കുടിക്കാതെ, മുൾച്ചെടികൾ മാത്രം ഭക്ഷിച്ച് ഏതാനം ദിവസം യാത്രചെയ്യാൻ സാധിക്കുമെന്ന് സത്യം തന്നെ.

മറ്റു സസ്ത്നികളെപ്പോലെ ഒട്ടകത്തിനു ശരീര താപനില നിയന്ത്രിക്കാൻ വെള്ളം അത്യാവശ്യമാണ്. എങ്കിലും ഇതിനാവശ്യമായ വെള്ളം ശരീരത്തിൽ സംഭരിട്ച്ചുവെക്കാൻ സാധ്യമല്ല. അയവിറക്കുന്ന ഇതര സസ്താനികളെപോലെ ഒട്ടകത്തിന്റെ ആമാശയത്തിലെ ആദ്യ അറയായ റൂമാനിൽ പുളിപ്പിക്കപ്പെടുന്ന ഭക്ഷണവുമായി കലർന്ന് ധാരാളം വെള്ളം കാണും. ഒട്ടകത്തിന്റെ ഈ ആമാശായഅറസഞ്ചിപോലെ കീശകളോടുകൂടിയതാണെങ്കിലും അവ വെള്ളം ശേഖരിക്കാനുള്ളവയല്ല. ഇത് തെറ്റായ ധാരണയാണ്.

## എന്റെ കുട്ടനാട്

സുഗന്ധലഹരി വിതുമ്പുന്ന
എന്റെ നാട് വഞ്ചിപ്പാട്ടുകൾ
താളംതുള്ളും എൻ  നാട്
പച്ചപട്ടു വിരിഞ്ഞു നിൽക്കുന്ന നാട്
ആഹ്ലാദത്തിൻ പുഞ്ചിരിയാൽ
മനംകുളിർക്കുമെന്റെ സുന്ദരിയാം
നവദേവതയേ മനംകുളിർക്കേ
കാണ്ടുകൊതി തീരുന്നില്ല വേ.....

മഴത്തുള്ളികൾ പാടി താളം
പിടിക്കുന്ന നാട് കലകൾ
വാഴുന്ന നാട് കലാകേളി വിടരുന്ന
സുന്ദരമായൊരു നാട്
മഹാമാരിയെ കരുത്തോടെ
നേരിട്ട ദീരനാണെന്നുടെ നാട്

-എന്റെ കുട്ടനാട്

<u>കിങ്ങിണി പൂച്ച</u>

ഒരു ദിവസം പൂച്ചക്കഞ്ഞു പറഞ്ഞു; ‘അമ്മേ എനിക്ക് കണ്ണെഴുതണം, പൊട്ടു കുത്തണം’ അമ്മ പൂച്ച കണ്ണെഴിതി. പൊട്ടു തൊട്ടു.കണ്ണാടിയിൽ നോക്കി.നല്ല ചന്തം!

മറ്റൊരു ദിവസം പുച്ചക്കുഞ്ഞു പറഞ്ഞു: അമ്മേ...അമ്മേ... എന്റെ കാതുകളിൽ കമ്മലിടണം.അമ്മപ്പൂച്ച കപ്പയിലകൊണ്ട് കമ്മലുണ്ടാക്കി എനിക്കു വേണ്ട.

അമ്മപ്പൂച്ച പൂക്കൾകൊണ്ട് കമ്മലുണ്ടാക്കി.എനിക്കു വേണ്ട.

പിന്നെ എങ്ങനത്തെ കമ്മലാ വേണ്ടത് ? ജിമ്മിക്കി കമ്മൽ.

അതുവേണ്ട മോളെ....

ആ...അതെന്താമ്മേ?

അപ്പൻ കട്ടോണ്ടു പോകും.

ഇല്ലമ്മേ.


അമ്മപ്പൂച്ച ഇർക്കിലി എടുത്തു.മച്ചിങ്ങ എടുത്തു. വലിയ കുണുക്കുകളുണ്ടാക്കി.കുഞ്ഞുപ്പൂച്ച കണ്ണാടിയിൽ നോക്കി.

അതിനു നാണം വന്നു.



# ആലപ്പുഴ

കേരളത്തിലെ പതിനാല് ജില്ലകളിലെ ഒന്നാണ് ആലപ്പുഴ. തോടും പുഴയും പച്ചപ്പും നിറഞ്ഞ ഒരു ചെറിയ ജില്ലയാണ്. വനങ്ങൾ ഇല്ലാത്ത ഏക ജില്ല. ഏറ്റവും ചെറിയ ജില്ല. ജലോത്സവങ്ങളുടെ നാട് എന്ന അറിയപ്പെടുന്നു. നവോത്ഥാന നായകനായ വി.ചവറ പിതാവിന്റെ ജന്മഭൂമി. മലയാളത്തിലെ ഒരു മുഖ്യ കവിയായ തകഴി ശിവശങ്കരപ്പിള്ളയുടെയു ജന്മഭൂമി.



# പോർക്കളത്തിലേക്ക്

പോകാം പോകാം പൊന്നനുജാ
നമ്മൾക്കണി ചേർന്നവിടെത്താം
നാടിനു വേണ്ടി പടവെട്ടാം
നാമന്നെല്ലാം കുഞ്ഞുങ്ങൾ
നാളെ പക്ഷെ പൗരൻമാർ
ചൊട്ടം ചൊട്ടം നാടെല്ലാം
തുമ്മിപ്പോയാൽ പട്ടാളം

പേനയെടുത്താൽ ജയിലായി
നാലാളൊത്താൽ വെടിയായി
പോകാം പോകാം പൊന്നനുജാ
പോർക്കളമല്ലേ കാണുന്നൂ..........

# ചന്ദ്രയാൻ 3

ചന്ദ്രയാൻ 2ന്റെ വിക്ഷേപണ വിജയത്തെ തുടർന്ന് ചന്ദ്രോപരിതലത്തിലെ പാറയും മണ്ണും ഉപയോഗിച്ച് ഭൂമിയിലെത്തിച്ച് ഗവേഷണം നടത്താൻ ലക്ഷ്യമിടുന്ന ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ മൂന്നാമത്തെ ചാന്ദ്രദൗത്യമായ ചന്ദ്രയാൻ മൂന്ന് വിജയം കണ്ടിരിക്കുകയാണ്. 2023 ജൂലൈ 14ന് ആന്ദ്രാപ്രദേശിൽ ഉള്ള സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നും ഇന്ത്യൻ സമയം 2:35 ന് ചന്ദ്രയാൻ 3 നമ്മൾ വിജയകരമായി വിക്ഷേപിച്ചു. ചന്ദ്രയാൻ 3 ന്റെ വിക്ഷേപണത്തിനായി എൽ വി എം മൂന്ന് മാർക്ക് നാല് എന്ന റോക്കറ്റ് ആണ് ഉപയോഗിച്ചിരുന്നത്. ആകെ ചന്ദ്രയാൻ 3 മൂവായിരത്തിത്തൊള്ളായിരം കിലോഗ്രാം ആണുള്ളത്. 2023 ഓഗസ്റ്റ് 5 ന് ചന്ദ്രയാൻ മൂന്ന് ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിച്ചു. ഓഗസ്റ്റ് 17 ന് ലാൻഡർ മൊഡ്യൂളിൽ നിന്നും വേർപ്പെട്ടു. ഡി ബൂസ്റ്റിംഗ് യഥാക്രമം ഓഗസ്റ്റ് 18, 20 തീയതികളിൽ നടത്തപ്പെട്ടു. നാൽപ്പത്തൊന്ന് ദിവസങ്ങൾക്കുശേഷം ഓഗസ്റ്റ് 23 2023 വൈകുന്നേരം 6 നാലിന് ചന്ദ്രയാൻ 3 വിജയകരമായി ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങി. ഇതോടുകൂടി ചന്ദ്രനിൽ ഇറങ്ങിയ നാലാമത്തെ രാജ്യവും ദക്ഷിണ ധ്രുവത്തിൽ ഇറങ്ങിയ ഒന്നാമത്തെ രാജ്യവും ഇന്ത്യയായി മാറിക്കഴിഞ്ഞു. ഇനിമുതൽ എല്ലാവർഷവും ഓഗസ്റ്റ് 23 ന് ഇന്ത്യയുടെ ദേശിയ ബഹിരാകാശ ദിനം ആഘോഷിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

# പോഷകാഹാരം

ഭക്ഷണം എന്നാൽ ശരീരത്തിനുള്ള ഔഷധം കൂടിയാണ്, രുചി മുകളങ്ങൾക്ക് സംതൃപ്തി നൽകുക എന്നത് മാത്രമല്ല ആഹാരം കഴിക്കുന്നതിന്റെ ലക്ഷ്യം.
നല്ല ആരോഗ്യത്തിന് സമീകൃതാഹാരം കഴിക്കണമെന്ന് അറിയാത്തവരുണ്ടോ? എന്നാൽ പലതും ഈ കാര്യം മറക്കുന്നു എന്നതാണ് വാസ്തവം.ഇടയ്ക്കെങ്കിലും സമീകൃതാഹാരം കഴിക്കാറുണ്ടോ നിങ്ങൾ ? ഇല്ലെന്ന് തന്നെയാതും ഭൂരിഭാഗം പേരുടെയും ഉത്തരം.

## എന്ത് കഴിക്കണം?


പല തരാം പോഷകങ്ങൾ അടങ്ങിയതാകണം നമ്മുടെ ഭക്ഷണം. പോഷകാഹാരമെന്നാൽ പ്രോട്ടീൻ, കൊഴുപ്പ്, വിറ്റാമിനുകൾ, ധാതുക്കൾ, കാർബോഹൈഡ്രേറ്റ് എന്നിവയെല്ലാം ചേർന്നതാവണം.


## പച്ചക്കറികളും പഴങ്ങളും

നിത്യവും പഴങ്ങളും പച്ചക്കറികളും കഴിക്കുന്നത് ആരോഗ്യത്തിനു വളരെ നല്ലതാണ്. പഴങ്ങൾ മുഴുവനായോ ജ്യൂസ് രൂപത്തിലോ കഴിക്കാം. ഇതുക്കൂടാതെ തൈര് ചേർത്തോ അല്ലാതെയോ വിവിധ സലാഡുകളുടെ രൂപത്തിലോ കഴിക്കാം.
ഓരോ കാലത്തും ലഭ്യമാകുന്ന പഴങ്ങളും പച്ചക്കറികളും ധാരാളമായി ഉൾപ്പെടുത്താൻ ശ്രമിക്കണം.

# <u>മഴ</u>

മഴ പെയ്യുന്നു മഴ പെയ്യുന്നു
ഇടിച്ചുകുത്തി മഴ പെയ്യുന്നു
അഹാ അഹാ നല്ല മഴ
ഒഹോ ഒഹോ എന്തു മഴ
മഴ പെയ്യട്ടെ മഴ പെയ്യട്ടെ
ഇടിച്ചുകുത്തി മഴ പെയ്യട്ടെ
അഹാ അഹാ നല്ല മഴ
ഒഹോ ഒഹോ എന്തു മഴ
മഴ പെയ്യണേ മഴ പെയ്യണേ
ഇടിച്ചുകുത്തി മഴ പെയ്യണേ
അഹാ അഹാ നല്ല മഴ
ഒഹോ ഒഹോ എന്തു മഴ





# എന്റെ വീട്



# എന്റെ കുട്ടനാട്

ആലപ്പുഴ എന്ന ജില്ലയിലെ ഒരു കൊച്ചുഗ്രമമുണ്ട്
അതാണ് കുട്ടനാട്.
കുട്ടനാട് എന്ന് പറയുമ്പോൾ എല്ലാവരും
ഓർക്കുന്നത് കുട്ടന്റെ നാട് എന്നാണ്. പക്ഷേ, ഈ
വാക്യത്തിൽ ഒരു രഹസ്യമുണ്ട് കുട്ടനാട്ടിൽ
ഒരു വലിയ ആഘോഷമാണ് അതു എന്താണ്
എന്നു ഒരു കൊച്ചുകുഞ്ഞിനുപോലും അറിയാം.
അതാണ് വള്ളംകളി. വള്ളംകളി.......
എന്നു പറയുമ്പോൾ പോലും ഒരു ഉത്സവമാണ് ഒരു
നാടിന്റെ അഭിമാനമാണ് ആലപ്പുഴ എന്ന ജില്ലയിലെ
ഓരോ സ്ഥലങ്ങളിൽ നിന്നും
ഓരോ വള്ളങ്ങൾ കാണും. വള്ളംകളി കാണാൻ
തന്നെ ലക്ഷകണക്കിനു
ജനങ്ങൾ വരും വള്ളം വരുമ്പോൾ മുതൽ
പോകുമ്പോൾ വരെ കാണാം
ജനങ്ങൾ കാണാൻ വരും ഇതു ഒരു കൊച്ചു
ലേഖനമാണ്.

ഇതാണ് എന്റെ കുട്ടനാട്.

# കാവ്യം രസാത്മകം.

കവിതേ നാണിക്കേണ്ടാ
നിൻ നൃത്തം മനോഹരം
അന്തരംഗത്തിൽ നിന്നും
ചിലമ്പിട്ടിൽ വാ......

ആദി നാദത്തിൽ നിന്നും
നീ, മുർത്ത രുപം പുണ്ടു
ആരമ്യ രൂപം കണ്ടാൽ
ആരൃമാവിനേപ്പോലെ....

# നായയും പെരുമ്പറയും

ഒരിക്കൽ ഒരു നായ ഇരതേടി നടക്കുകയായിരുന്നു . വളരെ കൊല്ലം മുമ്പ് യുദ്ധം നടന്ന ഒരു മൈതാനത്ത് അവൻ എത്തി . പെട്ടെന്ന് ഒരു ഭയങ്കരശബ്ദം എങ്ങുനിന്നോ പുറപ്പെട്ടു . നായ ഞെട്ടിതരിച്ചു . ചുറ്റുപാടും നോക്കിയെങ്കിലും വിശേഷിച്ച് ഒന്നും കണ്ടില്ല . കുറച്ച് നേരത്തേക്ക് ആ ശബ്ദം കേട്ടതേയില്ല. ബുദ്ധിമാനായിരുന്ന നായ കാത്തുനിന്നു . അതെന്തു ശബ്ദമാണെന്നറിയണമല്ലോ.

കുറച്ചു  കഴിഞ്ഞപ്പോൾ ആ ഭയങ്കര ശബ്ദം വീണ്ടും കേട്ടു . നായ ഞെട്ടിയില്ല . സൂക്ഷിച്ചുനോക്കി . വട്ടത്തിൽ ഒരു സാധാനം നായക്ക് കാണാൻ കഴിഞ്ഞു . വീണ്ടും ശബ്ദമുണ്ടായി . ചാഞ്ഞു കിടന്നിരുന്ന മരകൊമ്പ് കാറ്റിൽ ആടി അതിൽ മുട്ടുമ്പോൾ ഭയങ്കര ശബ്ദം കേൾക്കുകയാണ് . നായ മനസ്സിലാക്കി . അവന്റെ ഭയം തീരെ പോയി . ഒരു പെരുമ്പറയായിരുന്നു അത് .

തല ഒരു വശത്തു കൂടെ  അതിന്റെ ഉള്ളിൽ കടത്തി പരിശോധിച്ചു . മരം കൊണ്ടൊരു  കുറ്റിയും കോലും മാത്രം . അവൻ എങ്ങോ പോയി.

# ഗാന്ധി

ഗാന്ധിജിയുടെ മഹത്വങ്ങൾ ഓരോന്നായി വിളിച്ചു പറഞ്ഞുകൊണ്ട് ജി. രവീന്ദ്രവർമ്മ എഴുതിയ മനോഹരമായ പുസ്തകമാണ് ഗാന്ധി. ഗാന്ധിജിയുടെ കഥകൾ മനോഹരമായി നമ്മളിലേക്കെത്തിക്കുന്ന നിരവധി അദ്ധ്യായങ്ങൾ നമ്മുക്കു കാണാം. ഗാന്ധിജിയുടെ ആത്മകഥയായ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന പുസ്തകത്തിലെ പല രംഗങ്ങളും നമുക്കീ പുസ്തകത്തിൽ കാണാം. ഗാന്ധിജി ആരെന്നും എന്തെന്നും ഈ പുസ്തകം നമ്മെ കാണിച്ചുതരുന്നു. ഏതേ പ്രായക്കാർക്കും അനുയോജ്യമായ പുസ്തകമാണ് ഗാന്ധി. കുട്ടികൾക്ക് ഗാന്ധിജിയെ അടുത്തറിയാൻ ഈ പുസ്തകം നമ്മെ സഹായിക്കും.

# പാവം ഭൂതത്താൻ

ആയിരം കണ്ണുള്ള ഭൂതത്താൻ
ആഴിയിൽ മുങ്ങുന്ന ഭൂതത്താൻ
ആളെ വിഴുങ്ങാത്ത ഭൂതത്താൻ
ആഹാ! വെറുമൊരു പാവത്താൻ!
മുങ്ങുന്ന പൊങ്ങുന്ന ഭൂതത്താൻ
മീനെപ്പിടക്കുന്ന ഭൂതത്താൻ!
ആയിരം കണ്ണുള്ള ഭൂതതത്താൻ
ആരാണ് കൂട്ടരെ ഈ ഭൂതത്താൻ

ഉത്തരം ചീനവല

# സ്വാതന്ത്ര്യദിനവും ഓണാഘോഷവും

ആഗസ്റ്റ് മാസം നമുക്ക് സ്വാതന്ത്ര്യദിനസ്മരണകളുടെ കാലമാണ്. ഓഗസ്റ്റ് 9 ന് ക്വിറ്റ് ഇന്ത്യ ദിനത്തിലാണല്ലോ ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യക്കാർ അണിനിരന്നത്. 1947 ആഗസ്റ്റ് 15ന് നാം സ്വാതന്ത്ര്യം നേടിയെടുത്തു.

ഗാന്ധിജിയുടെ േതൃത്വത്തിൽ സത്യം, അഹിംസ, സത്യാഗ്രഹം മുതലായവയിലൂടെ രക്തച്ചൊരിച്ചിലില്ലാതെ നേടിയെടുത്ത നമ്മുടെ സ്വാതന്ത്ര്യം ഇന്ന് വലിയ ഭീഷണിയിലാണല്ലോ. മണിപ്പൂരിലും മറ്റും അരങ്ങേറിയ സംഭവങ്ങൾ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ ഭരണഘടനയും സ്വാതന്ത്ര്യവും അഖണ്ഡതയും എന്തു ത്യാഗവും നൽകി സംരക്ഷിക്കുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. ഓഗസ്റ്റ് മാസത്തിൽ തന്നെയാണല്ലോ ഓണവും ആഘോഷിക്കുന്നത്. സമത്വ സുന്ദരമായ കള്ളവും ചതിയുമില്ലാത്ത സത്യത്തിനു വിലയുള്ള ഒരു കാലത്തിന്റെ ഓർമ്മയാണ് ഓണത്തിന്റ ചരിത്രം തിരുവോണം ആഹ്ലാദത്തിന്റെയും വിളവെടുപ്പിന്റെയും ഉത്സവകാലമാണ്. മൂല്യങ്ങളും സംസ്കാരവും മറന്നുപോകുന്ന ഈ കാലഘട്ടത്തിൽ ഓണത്തിന് കൂടുതൽ പ്രധാന്യമുണ്ട്. ഓണം പ്രകൃതിയുമായി കൂടുതൽ ഇഴചേർന്ന ഉത്സവമാണ്. ഓണക്കാലത്ത് പൂ പറിച്ച് പൂക്കളം തീർക്കുന്നതും വിവിധ കളികളിൽ ചേർന്ന് ജാതിമതവർഗ്ഗ ഭേദമില്ലാതെ ആഘോഷിക്കുന്നതും വലിയൊരു അനുഭവമാണ്.

# പരുന്തും പാമ്പും

പരുന്ത് ആകാശത്തുടെ കൂടി പറക്കുമ്പോൾ ഒരു പാടത്ത് ഒരു പാമ്പ് മയങ്ങിക്കിടക്കുന്നത് കണ്ടു. അവൻ വേഗം താഴ്ന്ന് പറന്നു പാമ്പിനെ റാഞ്ചിയെടുത്തു .പെട്ടന്ന് ഉണർന്ന പാമ്പ് തലയുയർത്തി പരുന്തിന്റെ കാലിൽ കടിച്ചു. അടുത്ത നിമിഷം പരുന്തിനെ വിടുകയും ചെയ്തു.പാമ്പിനെ വകവരുത്താതെ റാഞ്ചിയെടുത്ത വിഡ്ഢിത്തം ഓർത്ത് അവന് സ്വയം നിന്ദ തോന്നി. പക്ഷേ, അധികനേരം നീണ്ടുനിന്നില്ല.വിഷം ശരീരത്തിൽ കയറിയ പരുന്ത് പ്രജ്ഞ നഷ്ടപ്പെട്ട് ഭൂമിയിൽ പതിച്ചു.

# കോവിഡ് മാഫിയ



നിർധനൻ ഞെരുങ്ങുന്നു;
ഉദ്ധതൻ ചിരിക്കുന്നു
ഉത്തമർണ്ണൻമാർ
ഉദകക്രിയകൾ നടത്തുന്നു
ബാലൻസു തെറ്റുന്ന
സീറോബാലൻസുകാർ
കോവിഡ് ബന്ധികളാക്കിയ
കോലങ്ങൾ!
കത്തിയൂരുന്ന ബ്ലേഡുമാഫിയ
ആധാരം ഏതോ
ബ്ലേഡുബാങ്കിൽ
പണിപോയി പലരും
പകുതിചത്തു
അപമാനഭീതിയിൽ
പലരു പട്ടു
അരിതന്നു
പ്രതിരോധമരുന്നുതന്നു
അരിയെത്തിയവർക്കു
വായ്ക്കരിയും തന്നു.

# വിഡ്ഢിക്കഴുത

ഒരിക്കൽ ഒരു കൃഷിക്കാരന് ഒരു കഴുതയും ഒരു വളർത്തുനായയും ഉണ്ടായിരുന്നു. താൻ കഠിനമായ അധ്വാനിച്ചിട്ടും യജമാനന് നായയോടാണ് സ്നേഹം എന്ന് ധരിച്ച കഴുതയ്ക്ക് അതിയായ വിഷമമുണ്ടായിരുന്നു. ഒരു ദിവസം നായയെ നിരീക്ഷിച്ച കഴുത കൃഷിക്കാരൻ ജോലികഴിഞ്ഞ് തിരികെയെത്തിയപ്പോൾ നായ അയാളുടെയടുത്തേക്ക് ഒടിയെത്തുന്നത് കണ്ടു. അതിനശേഷം കുരച്ച് വാലാട്ടിക്കൊണ്ട് നായ കൃഷിക്കാരനോട് ചേർന്ന് നിന്നു കൃഷിക്കാരൻ സ്നേഹപൂർവ്വം നായയെ തലോടി തന്റെ സ്നേഹം പ്രകടിപ്പിച്ചു. നായ ചെയ്തതുപോലെ തന്നെ ചെയ്ത് കൃഷക്കാരന്റെ സ്നേഹം പിടിച്ചുപറ്റാൻ കഴുത തീരുമാനിച്ചു.

അടുത്ത ദിവസം കൃഷിക്കാരൻ ജോലികഴിഞ്ഞെത്തിയതു കണ്ട കഴുത മറ്റൊന്നും ചിന്തിക്കാതെ അയാൾക്കുനേരെ ഓടിചെല്ലുകയും വാലാട്ടിക്കൊണ്ട് ഉറക്കെ കരയുകയും ചെയ്തു. ഭയന്നുപോയ കൃഷിക്കാരൻ കഴുതയെ പൊതിരെ തല്ലി. കഴുത തന്റെ മണ്ടത്തരം മനസ്സിലാക്കുകയും ഇനിയൊരിക്കലും മറ്റുള്ളവരെ അനുകരിക്കരുതെന്നും തീരുമാനിച്ചു.

# വഞ്ചിപ്പാട്ട്

ആർപ്പോ.......

സർവശക്തനായ ദൈവം തുണച്ചിടേണം ആ.......

തകതെയ് തകതെയ് തകതകതോം ധീ തിത്തക

മഹാബലി നാടുവാണു

തെയ് തെയ് തക തെയ് തെയ് തോം.

മഹാബലി നാടുവാണു കള്ളമില്ല ചതിയില്ല

തകതെയ്...........

കോപം പൂണ്ടു ദേവൻമാർ തെയ് തെയ്.......

കോപം പൂണ്ടു ദേവൻമാർ വിഷ്ണു ഭവാൻ രൂപം മാറി

തകതെയ്..........

മഹാബലിയോടു കേണു തെയ് തെയ്...........

മഹാബലിയോടു കേണു മുന്നടി മണ്ണ് ആ..........

തകതെയ്.........

നല്ലവനാം മഹാബലി തെയ് തെയ്

നല്ലവനാം മഹാബലി സമ്മതിച്ചപ്പോൾ ആ...........

തകതെയ്............

രണ്ടടി മണ്ണെടുത്താശു തെയ് തെയ്..........

രണ്ടടി മണ്ണെടുത്താശു മൂന്നാമടി എവിടേന്ന്

തകതെയ്.............

തൻ ശിരസ്സ് താഴ്ത്തിക്കൊണ്ട് തെയ് തെയ്.........

തൻശിരസ്സ് താഴ്ത്തിക്കൊണ്ട് ഇവിടെയെന്ന് ആ

തകതെയ്..........

തൻജനത്തെ കാൺമതിനായി തെയ് തെയ്........

തൻജനത്തെ കാൺമതിനായി ആണ്ടിലൊന്നിൽ ഞാൻ

വന്നോട്ടെ തക തെയ്...........

മന്നനെ ചവിട്ടിതാഴ്ത്തി തെയ് തെയ്..........

മന്നനെ ചവിട്ടിതാഴ്ത്തി സമ്മതം മൂളി ആ

തകതെയ്..........

# കുറുക്കനും മുയലും

പണ്ടൊരു കാട്ടിൽ കുറുക്കൻ വസിച്ചിരുന്നു . ഒരു ദിവസം കുറുക്കൻ കാട്ടിലൂടെ നടക്കുകയായിരുന്നു .  കുറച്ച് നടന്നപ്പോൾ കുറുക്കന് നല്ല ദാഹം തോന്നി .കുറുക്കൻ ഉടൻതന്നെ അടുത്തുകണ്ട ഒരു ആഴം കുറഞ്ഞ കിണറ്റിൽ വെള്ളം കുടിക്കാനായി  ഇറങ്ങി . തനിക്കു വതിയാവോളം വെള്ളവും കുടിച്ചു . വെള്ളവും കുടിച്ചു തിരിച്ചു  പോകാനൊരുങ്ങിയ കുറുക്കൻ ആകെ വിഷമിച്ചു .അവന് കിണറ്റിൽ നിന്നും തിരിച്ചു കയറാൻ സാധിക്കുന്നില്ല . ആ കിണററൽ നിന്നും കയാറാനായി പടവുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല . നല്ല വഴുക്കലുള്ളത് കാരണം പിടിച്ചു കയറാൻ കുറുക്കന് സാധിച്ചില്ല.

കുറുക്കൻ മനസ്സിൽ കരുതി

"ഇനി ഞാൻ എങ്ങനെയാണ് ഈ കിണറ്റിൽ നിന്നും കരയിൽ കയറുന്നത് ? തിരിച്ചു കരയിൽ കയാറാനായി പടവുകളോ പിടിച്ചു കയറാൻ ഒരു ചെടിയുടെ വള്ളിയോ പോലും ഇവിടെ ഒന്നും കാണാനില്ല. എങ്ങനെയെങ്കിലും ഇവിടനിന്ന് രക്ഷപ്പെട്ടെ മതിയാകൂ. "

കുറുക്കനങ്ങനെ ചിന്തിച്ചു നിക്കുമ്പോഴാണ് ഒരു മുയൽ അതുവഴി വന്നത്.

കുറുക്കൻ കിണറ്റിൽ വീണതാണെന്നറിയാതെ മുയൽ കുറുക്കനോട് ചോദിച്ചു.

"ഈ കിണറ്റിലെ വെള്ളം കുടിക്കാൻ കൊള്ളാവുന്നതാണോ?"

അപ്പോൾ കുറുക്കന് ഒരു ഉപായം തോന്നി. അവൻ ഉത്സാഹത്തോടെ മറുപടി പറഞ്ഞു.

"ഞാനിന്ന വരെ കുടിച്ചതിൽ വെച്ച് ഏറ്റവും നല്ല വെള്ളമാണിത്".നീ ഇവിടെയിറങ്ങി വെള്ളം കുടിച്ചുനോക്കൂ.

കുറുക്കന്റെ മറുപടി കേട്ട് മറ്റൊന്നും ചിന്തിക്കാതെ മുയല് കിണറ്റിലേക്കിറങ്ങി. മുയൽ കിണററലിറങ്ങിയതും കുറുക്കൻ മുയലിന്റെ പുറത്തു ചവിട്ടി കരയിൽ കയറി. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകാതെ മുയൽ

അത്ഭുതത്തോടെ കുറുക്കനെ നോക്കി. എന്നാൽ കുറുക്കൻ

സന്തോഷത്തോടെ തുള്ളിച്ചാടുന്നതാണ് മുയൽ കണ്ടത്.
അധികം വൈകാതെ തന്നെ കുറുക്കന്റെ സന്തോഷത്തിന്
കാരണം മുയലിന് മനസ്സിലായി.

മുയൽ മനസ്സിൽ കരുതി. ഞാനെന്തൊരു മണ്ടനാണ്.
ഇനി എങ്ങനെയാണ് ഞാൻ കരയിൽ കറയുന്നത്.

മുയൽ വിഷമത്തോടെ കുറുക്കനോട് ചോദിച്ചു .

"നീയെന്തിനാണ് എന്നെ പറ്റിച്ചത്? ഈ കിണറ്റിൽ നിന്നും
തിരിച്ചു കയറാൻ പടവുകളൊന്നും ഇല്ലെന്നു എന്തിനാണ്
എന്നോട് മറച്ചുവച്ചത് ?"

ഇത് കേട്ടതും ക്രൂസലില്ലാതെ കുറുക്കൻ മുയലിനോട്
ചോദിച്ചു .

"ഞാനെന്തിനാണ് പറയുന്നത് ? നിനക്ക്
കിണറ്റിലേക്ക് ഇറങ്ങുന്നതിന് മുൻപ് തിരിച്ചു
കയറാൻ പറ്റുമോ എന്നു നോക്കാമായിരുന്നില്ലേ?"

ഉടൻ തന്നെ മുയൽ പറഞ്ഞു .

"ഞാൻ നിന്നെ നല്ലൊരു സുഹൃത്തിനെ പോലെയാണ്
കണ്ടത് . അതുകൊണ്ട് തന്നെ ഞാൻ നീ പറഞ്ഞത്
വിശ്വസിച്ചു. ദയവായി എന്നെ ഇവിടെ നിന്നും
എങ്ങനെയെങ്കിലും രക്ഷിക്കു."

ഇത് കേട്ടതും കുറുക്കൻ മുയലിനോട് പറഞ്ഞു .

"നീ ഒരു പരിചയവുമില്ലാത്ത എന്നെ എന്തിനാണ്
വിശ്വസിച്ചത് ?എന്റെ ജീവൻ തിരിച്ചു കിട്ടിയതു തന്നെ
ഭാഗ്യം . എനിക്കു നിന്നെ രക്ഷിക്കാനൊന്നും സമയമില്ല .
നിനക്കു കഴിയുമെങ്കിൽ സ്വയം രക്ഷപെട്ടു ."

ഇതു പറഞ്ഞു കുറുക്കൻ ഇവിടെനിന്നും ഓടിപ്പോയി.
പാവം മുയലാകട്ടെ എന്ത് ചെയ്യണമെന്നറിയാതെ ആ
കിണറ്റിൽ തന്നെ നിന്നു.

# കേരളീയ കലകൾ

## പടയണി

കേരത്തിലെ ആലപ്പുഴ,കൊല്ലം,പത്തനംത്തിട്ട ജില്ലയിലെ ചില ദേവീക്ഷേത്രങ്ങളിൽ നടത്തിവരുന്ന അനുഷ്ഠാന കലയാണ് പടയണി. മറുത,യക്ഷി എന്നിവയുടെ കോലങ്ങളും നൂറ്റൊന്നു പാളകളിൽ തീർത്ത ഭൈരവിക്കോലങ്ങളും തുളളുന്നു. പലതരം പടയണിപ്പാട്ടുകൾ താളമേളകളുടെ അകമ്പടിയോടെ പാടി ആളുകൾ വട്ടത്തിൽ നിന്നു ചുവടുവച്ച് തുള്ളുന്നു

.

## മാർഗ്ഗം കളി

കേരളത്തിലെ ക്രിസ്ത്യനികളുടെ ഒരു വിനോദ കലയാണ് മാർഗ്ഗം കളി. മാർഗ്ഗം എന്ന പദത്തിന് ക്രിസ്തുദേവന്റെ മാർഗ്ഗം എന്നാണ് അർത്ഥം കാണേണ്ടത്. ക്രിസ്തുമാർഗ്ഗ പ്രചരണാർത്ഥം രചിക്കപ്പെട്ട പാട്ടുകൾ പാടിക്കൊണ്ടുള്ള കളിയാണ് മാർഗ്ഗംകളി. 500- വർഷത്തിലേറെ പാരമ്പര്യം അവകാശപ്പെടുന്ന കലയാണ് .

## കളരിപ്പയറ്റ്

കേരളത്തിന്റെ ആയോധന കലയാണ് കരളിപ്പയറ്റ്. മെയ് വഴക്കത്തോടെ ചുവടുകൾവച്ചാണ് യുദ്ധമുറ. ദീർഘകാലത്തെ പരിശീലനം ഇതിനാവശ്യമാണ്. വാളും പരിചയും വടിയും ഉറുമിയും അഭ്യാസികൾ ഉപയോഗിക്കുന്നു.

## ദഫ്മുട്ട്

മുസ്ലീം സമുദായക്കാരുടെ ഇടയിൽ പ്രചാരം സിദ്ധിച്ച വിനോദ കലയാണ് ദഫ്മുട്ട്.ദഫ്കളി ആദ്യകാലത്ത് ഒരു അനുഷ്ഠാനത്തിന്റെ രീതിയിൽ നടത്തിയിരുന്നു.ദഫ് എന്ന വാദ്യോപകരണം കൊട്ടിക്കൊണ്ട് ആളുകൾ വട്ടത്തിൽ,താളത്തിൽ ചുവടു വയ്ക്കുന്നു. അറബി ഗാനങ്ങളും മലയാളഗാനങ്ങളും പാടിവരുന്നു.

# സമയം നോക്കാൻ മാത്രമല്ല സ്മാർട് വാച്ച് !

വാച്ച് എന്നു കേട്ടാൽ സമയം നോക്കാനുള്ള ഉപകരണം എന്നേ നമ്മുടെ മനസ്സിൽ വരൂ . എന്നാൽ, സ്മാർട് വാച്ചിന്റെകാര്യത്തിലാകുമ്പോൾ ഇപ്പറഞ്ഞത് തെറ്റും . ആശയവിനിമയം നടത്താനും ഇന്റർനെറ്റ് ഉപയോഗിക്കാനും ആരോഗ്യം കാത്തുസൂക്ഷിക്കാനുള്ള സഹായിയായുമൊക്കെ വാച്ചിനെ മാറ്റാമെന്ന നിലയിലാണ് കാര്യങ്ങൾ . ഇതിനായി നിരവധി ആപ്പുകളും ലഭ്യമാണ് . ഫോൺകോളുകൾ സ്വീകരിക്കാനും എസ് . എം . എസുകൾ വായിക്കാനുമൊക്കെ വാച്ചിലേക്ക് നോക്കിയാൽ മതി . പക്ഷേ , ഇതൊക്കെ നടക്കണമെങ്കിൽ  പോക്കറ്റിൽ ഐഫോൺ വേണമെന്നു മാത്രം . ഒരാളുടെ ഹൃദയമിടപ്പിന്റെ തോത് ഉൾപ്പെടെയുള്ള കാര്യങ്ങളൊപ്പിയെടുക്കാൻ ഈ വാച്ചിലെ സെൻസറിന് സാധിക്കും. വിവിധ രാജ്യങ്ങളിൽ സഞ്ചരിക്കുന്നവർക്ക് അതാത് രാജ്യത്തെ സമയം ഓട്ടോമാറ്റിക്ക് ആയി കാട്ടിത്തരാൻ സ്മാർട്ടവാച്ചുകൾക്ക കഴിയും. സാധാരണ വാച്ചിലേത് പോലെയുള്ള ബാറ്ററിയല്ല ആപ്പിൾ വാച്ചിലുപയോഗിക്കുന്നത്. പകരം വാച്ച് ചാർജ് ചെയ്ത് ഉപയോഗിക്കാനുള്ള സംവിധാനമുണ്ട്.

# ബാല്യക്കാലം

മണ്ണപ്പം ചുട്ടു കളിച്ചകാലം....
മണ്ണിൽ കൂട്ടുള്ള  പെണ്ണല്ലെ...
ആ...ആ..
മണ്ണപ്പം ചുട്ടു കളിച്ചകാലം....
മണ്ണിൽ കൂട്ടുള്ള  പെണ്ണല്ലെ..
ആ...ആ..

കുട്ടുകാരോടെത്ത് കളിച്ചക്കാലം
കണ്ണാരം പൊത്തിക്കളിച്ചില്ലെ
ആ...ആ..
കുട്ടുകാരോടെത്ത് കളിച്ചക്കാലം
കണ്ണാരം പൊത്തിക്കളിച്ചില്ലെ
ആ...ആ..

മന്ദാര കുന്നിൽ കളിച്ചക്കാലം
മച്ചങ്ങപ്പോലൊരു ബാല്യക്കാലം
ആ...ആ..
മന്ദാര കുന്നിൽ കളിച്ചക്കാലം
മച്ചങ്ങപ്പോലൊരു ബാല്യക്കാലം
ആ...ആ..

മുല്ലപ്പുചുടി കളിച്ചക്കാലം....
കഞ്ഞിയും പയറും കുടിച്ചക്കാലം
ആ.....ആ.....
മുല്ലപ്പുചുടി കളിച്ചക്കാലം....
കഞ്ഞിയും പയറും കുടിച്ചക്കാലം
ആ.....ആ.....

ഓടി നടന്ന് കളിച്ചക്കാലം
അടിപിടിക്കൂടിയ
ബാല്യക്കാലം.....

# ആയുർവേദ ചെടികൾ

കറ്റാർവാഴ :



ആരിവേപ്പില :



ആടലോടകം :



പനികുർക്ക :



# കേരളത്തിലെ പൂക്കൾ

## തുമ്പ

ഒരിക്കൽ മാവേലിയെ സ്വീകരിക്കാൻ പൂക്കളെല്ലാം മത്സരിച്ചപ്പോൾ പാവം തുമ്പപ്പൂ മാത്രം ഒതുങ്ങി മാറിനിന്നു.ഇതുകണ്ട മാവേലി തുമ്പപ്പൂവിനെ നെഞ്ചോട്ടു ചേർത്തു.ഓണക്കാലത്താണ് തുമ്പയുടെ പൂക്കാലം.വെള്ളനിറത്തിലുള്ള കുഞ്ഞിപ്പൂക്കൾ വിരിയുന്ന തുമ്പയുടെ ശാസ്ത്രനാമം ( Leucas aspera )എന്നാണ്.തുളസി ഉൾപ്പെടുന്ന ലാമിയേസിയെകുടുംബാംഗമാണിവ.



## വാടാമല്ലി

ഏറെക്കാലം വാടാതെ നിൽക്കുന്ന പൂക്കളാണ് വാടാമല്ലി (Bachelor’s Buttons)യുടേത് .സാധാരണമായി മജന്തപൂക്കളാണ് കാണുന്നതെങ്കിലും ഇന്ന് പല നിറത്തിലുള്ള വാടാമല്ലി ഇന്ന് ലഭ്യമാണ്.

# ചെമ്പരത്തി

പണ്ട് ഇംഗ്ലീഷുകാർ ഷൂസിന് കറുപ്പ് നിറം കിട്ടാനായി ചെമ്പരത്തി പൂവ് ഉപയോഗിച്ചിരുന്നു. അങ്ങനെ അവയ്ക്ക് 'ഷൂഫ്ലവർ' (Shoe Flower) എന്ന പേരുകിട്ടി  Rose of China എന്നും അതിന് പേര് ഉണ്ട് നല്ലൊരു ഔഷധസസ്യം കൂടിയാണ് ചെമ്പരത്തി .

# അരളി

വളരെ വേഗത്തിൽ വളരുന്നതും വേനൽക്കാലത്തു പോലും ധാരാളം പുഷ്പങ്ങൾ തരുന്നതുമായ പൂച്ചടിയാണ് അരളി (oleander) . പൂജാപുഷ്പമായും ഇതു ഉപയോഗിക്കുന്നു .വെള്ള ,മഞ്ഞ,ചുവപ്പ് എന്നിങ്ങനെ വിവിധ നിറത്തിലുള്ള അരളിപ്പൂക്കളുണ്ട് .ഇവയുടെ പശയും നീരും വിഷമാണ് .വിഷാംശമുള്ള ഇവയുടെ വിത്ത് കീടനാശിനിയായും ഉപയോഗിക്കാം. എങ്കിലും പ്രത്യേകമായി വേർതിരിച്ചടുക്കുന്ന ഇലയുടെ സത്ത് സൗന്ദര്യവർധകവസ്തുവായുപയോഗിക്കുന്നു. ആയുർവേദ ചികിത്സയിലും ഈ ചെടി ഉപയോഗിച്ചുവരുന്നു.

# അമ്മ

അമ്മ തൻ നെഞ്ചിലെ
ചൂടേറ്റു വളർന്നൊരു
ബാല്യ കാലം
ആ ബാല്യ കാലം തൻ ഓർമ്മയിൽ
വിങ്ങുന്ന യൗവ്വനം
അമ്മ താൻ കൈ പിടിച്ചു നടന്ന
അമ്പല പടികൾ
ഇന്ന് ഓർമ്മയിൽ
നൊമ്പര കൂടായി മാറുന്നു
അമ്മ താൻ മൊഴികൾ എൻ
വഴി പാതകൾ തെളിച്ചീടുമീ
ജീവിത വേളയിൽ
അമ്മേ നിൻ സാമീപ്യം
എന്റെ ജീവന്റ തണലായി
മാറുമീ നിൻ ചൈതന്യം
അമ്മേ ഞാൻ നിന്നെ
ഓർത്ത് പോകുന്നു.......?

## മത്സ്യകന്യകയും സിംഹവും

ഒരു സിംഹം കടൽതീരത്തുകൂടി ഗർജ്ജിച്ചുകൊണ്ട്
നടക്കുകയായിരുന്നു. അവന്റെ ഗർജ്ജനം കേട്ട് ഒരു
മത്സ്യകന്യക വെള്ളത്തിൽ നിന്ന് പൊങ്ങിവന്നു.
സിംഹം പറഞ്ഞു
"ഞാൻ കാട്ടിലെ രാജാവാണ് ".
മത്സ്യകന്യകപറഞ്ഞു:
"ഞാൻ കടലിലെ രാജ്ഞി ."

അവർ സുഹൃത്തുക്കളായി. എന്നും വൈകിട്ട് അവർ
കണ്ടുമുട്ടി പലതും സംസാരിച്ചു.
ഒരു ദിവസം ഒരു കാളക്കുറ്റൻ സിംഹത്തെ
ആക്രമിച്ചു. സിംഹം ഓടി കടൽത്തീരത്ത് എത്തി.
മത്സ്യകന്യകയെ സഹായത്തിനു വിളിച്ചു. എന്നാൽ
മത്സ്യകന്യകക്ക് നിസഹായയായി
നോക്കിനിൽക്കുവാനെ സാധിച്ചൊള്ളു
അവസാനം സിംഹം കാളകുറ്റനെ ഓടിച്ചശേഷം
മത്സ്യകന്യകയോട് പറഞ്ഞു :
"നീയാണോ ആത്മാർത്ഥ സുഹൃത്ത് ! ഞാൻ
അപകടത്തിൽ പെട്ടപ്പോൾ നീ എന്തുകൊണ്ട്
സഹായത്തിനെത്തിയില്ല"?
മത്സ്യകന്യക തന്റെ നിന്റ നിസ്സഹായത
വെളിപ്പെടുത്തി:
"അതെന്റെ കുറ്റമല്ല.ഞാൻ കടലിനുള്ളിൽ
രാജ്ഞിയാണ്,സമ്മതിച്ചു.പക്ഷേ എനിക്ക്
പുറത്തേക്ക് വരാൻ കഴിയില്ല.ശ്വാസം മുട്ടും.കരയിൽ
ജീവിക്കാനുള്ള കഴിവ് എനിക്കില്ല."

# ചെറിയ മീനും മുക്കുവനും

ഒരു മക്കുവൻ പുഴയിൽ വലയെറിഞ്ഞു ഒരു ചെറിയ  മത്സ്യമാണ് വലയിൽ കുടുങ്ങിയത്. മീൻ മുക്കുവനോട് സംസാരിക്കാൻ തുടങ്ങി "ഞാനൊരു ചെറിയ മീനാണ് ഞാനിനിയും വളരും.അതുകൊണ്ട് എന്നെ ഇപ്പോൾ വെറുതെ വിടൂ.ഞാൻ വലുതായ ശേഷം എന്നെ പിടിച്ചോളൂ .ഇപ്പോൾ ഏതെങ്കിലും വലിയ മീനിനെ പിടിച്ചുകൊണ്ടു പോകൂ"

മുക്കുവൻ ചിരിച്ചു കൊണ്ട് പറഞ്ഞു :

"വേറെ വലിയ മീനിനെ കിട്ടുന്ന് വിശ്വസിച്ച് നിന്നെ കളയാൻ ഞാനൊരു വിഡ്ഢിയല്ല.നീ ചെറുതാണെങ്കിലും ഇന്നത്തേക്ക് എനിക്ക് നീ മതി.

## ചിന്തകൾ.

- ജീവിതം ഒരു ഒഴുകുന്ന നദിപോലെയാണ്.ചില നേരങ്ങളിൽ കലങ്ങിയും തെളിഞ്ഞും കാണുന്ന ഒരു പ്രതിഭാസം.
- ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ ഒരു ചെറു പുഞ്ചിരിയോടെ സ്വികരിക്കുകയും നേരിടുകയും ചെയ്യുക.
- ഓർമ്മകൾ എപ്പോഴും ഒരുപോലെ നൊമ്പരവും സന്തോഷവും നൽകുകയും ആണ്.

# സോഷ്യൽ മീഡിയ

കോവിഡ് വന്നതോടു കൂടി കുട്ടികൾ ഉൾപ്പടെ ഓൺലൈനായി മാറിയ കാഴ്ചയാണ് നാമിന്നു കാണുന്നത് . ഒരു പരിധിവരെ വളരെ ഗുണം ചെയ്തുവെങ്കിലും അത്രതന്നെ ദോഷവും ഉണ്ട് . ഒരു ദിവസത്തിന്റെ ഭൂരിഭാഗം സമയവും ഫോണിൽ ചിലവഴിക്കുക ,അതിലെ ആപ്പുകളിൽ മുഴുകി ദിവസം തീർക്കുക . അത് നിങ്ങളുടെ സ്വഭാവത്തേയും ജീവിതത്തേയും വളരെ അധികം സ്വാധീനിക്കും .

അധിക സമയവും സ്മാർട് ഫോണും അതുപോലെയുള്ള മറ്റു ഡിവൈസുകളായി മാത്രം സമയം ചിലവഴിക്കുമ്പോൾ നമ്മുടെ ഉറക്കം , കാര്യക്ഷമത , ഏകാഗ്രത , മാനസികവും ശാരീരികവിമായ ആരോഗ്യം , ബന്ധങ്ങളിലുള്ള ഏറ്റക്കുറച്ചിലുകൾ ഇവയിലെല്ലാം നിരവധി പ്രശ്നങ്ങൾ ആണ് നമ്മൾ അറിയാതെ തന്നെ നമ്മളിലേക്ക് എത്തുന്നത് . കുട്ടികളുടെ കാര്യമാണെങ്കിൽ അവരുടെ ബുദ്ധിവികാസത്തിനും ഒക്കെ ബാധിക്കുന്നു .അവർ ഇത്തരം വസ്ത്തുക്കളിൽ കാണുന്ന പലതും യഥാർത്ഥ ജീവിതത്തിൽ സംഭവിക്കുന്നില്ല എന്നവർ അറിയാതെ പോകുന്നു .ഇതു അവർക്കും ഭാവിയിലേക്ക് ദോഷം ചെയ്യും .

ഒറ്റയടിക്ക് നമുക്ക് ഒരു ശീലങ്ങളും നിർത്താൻ സാധിക്കില്ല അത് എന്താണെങ്കിലും പടിപാടിയായി. അതിന്റ പ്രാധാന്യം കുറച്ചു കൊണ്ട് വരിക എന്നുള്ളതാണ് .മൊബൈലും സമാന ഡിവൈസുകളും മിതമായി മാത്രം ഉപയോഗിക്കുന്ന ജീവിതശൈലിക്ക് പറയുന്ന പേരാണ് '' ഡിജിറ്റിൽ ഡീറ്റോക്സ് " .

# മൃഗങ്ങൾ

## കടുവ

കടുംതവിട്ടു നിറത്തിലുള്ള ശരീരത്തിനു
കുറുകെയുള്ള കറുത്ത വരകൾ കടുവകളെ കണ്ടാൽ
ഇതരജന്തുക്കളിൽ നിന്നു പെട്ടെന്നു
തിരിച്ചറിയാൻ സാധിക്കുന്നു

## സിംഹം

കാട്ടിൽ വസിക്കുന്ന വന്യമൃഗമാണ് സിംഹം .
അവൻ ഏറ്റവും ശക്തമായ മൃഗങ്ങളിൽ ഒന്നാണ് .
വലിയ വലിപ്പവും ശക്തിയും ആക്രമണ സ്വഭാവവും
കാരണം അദ്ദേഹത്തെ കാട്ടിന്റെ രാജാവ് എന്ന്
വിളിക്കുന്നു .

## ആന

കരയിലെ ഏറ്റവും വലിയ ജീവിയാണ് ആന.
ആനയാണ് ഏറ്റവും വലിയ ചതുരങ്ങളുള്ള മൃഗം .
അതിന്റെ ഉയരം എട്ടടിക്ക് മുകളിലായിരിക്കും .


# പകരം

പണ്ടു ഒരു കാട്ടിൽ ഒരു കൊറ്റിക്കു വളരെക്കാലം കുട്ടിളൊന്നുമില്ലാതെ ജീവിക്കേണ്ടി വന്നു. ആ കൊക്ക് വൃക്ഷശിഖരത്തിലെ കൂട്ടിൽ മുട്ടയിടുമായിരുന്നു. അതേ മരത്തിന്റെ വേരുകൾക്കിടയിൽ ഒരു മൂർഖൻപാമ്പ് കുടിയേറിയിട്ടു കുറേക്കാലമായി. കൊറ്റിയുടെ മുട്ടകളെല്ലാംപാമ്പ് കൊത്തിക്കുടിച്ചു. ഒറ്റക്കുഞ്ഞിനെയും ലാളിക്കാൻ തനിക്ക് യോഗമില്ല എന്ന് കൊറ്റി ദുഃഖിച്ചു.

തന്റെ കഷ്ടസ്ഥിതി ഒരു ദിവസം കൊക്ക് അടുത്ത കുളത്തിലെ തവളയോട് പറയുവാനിടയായി. തവള വളരെ കരുണയുള്ളവനായിരുന്നു. കൊറ്റിയുടെ ദുഃഖത്തിനറുതി വളർത്താൻ അതുവളരെ ചിന്തിച്ച് ഒരു ഉപായം പറഞ്ഞുകൊടുത്തു. ആ ഉപായം തന്നെ പ്രവർത്തിക്കുവാൻ കൊറ്റി നിശ്ചയിച്ചു. അടുത്ത ദിവസം തന്നെ കൊക്ക് കുറേ മാംസകഷണങ്ങൾ സമ്പാദിച്ചു. അതു വീണ്ടും ചെറിയ തുണ്ടുകളാക്കി കൊത്തിനുറുക്കി ശരിയാക്കി. വളരെ ദൂരത്തല്ലാതെ ഒരു കീരിയുടെ മാളം ഉണ്ടായിരുന്നു. കൊറ്റി മാംസകഷണങ്ങൾ കൊത്തിയെടുത്ത് കീരിയുടെ മാളത്തിനടുത്ത് വരിയായി ഇട്ടു. ആ രേഖ അവസാനിച്ചത് പാമ്പിന്റെ മാളത്തിലാണ്. മാംസകൊതിയനായ കീരി മാളത്തിൽനിന്ന് പുറത്തുവന്ന് മാംസത്തുണ്ടുകൾ തിന്നുതുടങ്ങി. അത് അങ്ങനെ സർപ്പത്തിന്റെ മാളത്തിനടുത്തെത്തി. മണം കൊണ്ട് മാളത്തിൽ പാമ്പുണ്ടെന്ന് കീരിക്ക് മനസ്സിലായി. അത് മാളത്തിൽ കടന്ന് പാമ്പിനെ കടിച്ചുമുറിച്ച് കൊന്നു. വീണ്ടും അകത്തുകടന്ന് പാമ്പിൻകുട്ടികളെയും നശിപ്പിച്ചു.

# കുട

മഴ മഴ  കുട കുട
മഴ വന്നാൽ സോന കുട ..........
ഹഹഹഹഹ......
മഴ മഴ  കുട കുട
മഴ വന്നാൽ സോന കുട
ഡിം.. ഡിം.. ഡിം..
മഴയത്ത് തുള്ളി ചാടി നടക്കാം
ജീവിതമെന്ന മഴയത്ത്
കളിച്ചു രസിക്കാം എന്നെന്നും
കടലാസു തോണി തൻ
പടികളിലൂടെ നീങ്ങാം മഴ-
വെള്ളപാച്ചിൽ...
ജീവിതമകുന്ന ഒഴുക്കിൽ
നീന്തി കയറി ജീവിതലക്ഷ്യം നേടാം



# മയിലിന്റെ പരാതി

ഒരു ദിവസം  മയിൽ മാനോട് പറഞ്ഞു,  എന്റെ ശബ്ദം വളരെ മോശമാണ്. എനിക്ക് നന്നായി പാടാനറിയില്ല. എന്റെ സങ്കടം ഒരിക്കലും തീരില്ല.” മയിൽ കരിയാൻ തുടങ്ങി. മയിലിനെ മാൻ ആശ്വസിപ്പിച്ചു.  ഈ ലോകത്തിലെ ഒരോരുത്തർക്കും ഒരോ പ്രത്യേക കഴിവുകളുണ്ട്. നിനക്ക് സൗന്ദര്യമുണ്ട്.  അതുപോലെ രാപ്പാടി നന്നായി പാടും. മൂങ്ങക്ക് വലിയ കണ്ണുകളുണ്ട്. പ്രത്യേക കഴിവുള്ള പക്ഷി തന്നെയാണ് നീയും. നീ നിന്റെ കഴിവ് മനസിലാക്കുക. അല്ലാതെ കരയുകയല്ല വേണ്ടത്. മറ്റുളളവരോട് അസൂയ തോന്നുകയുമരുത്.

ഗുണപാഠം: **സ്വയം നിന്ദിക്കാതിരിക്കുക.**

# തിരമാലയിൽനിന്നും ഊർജജം

ഓരോ വർഷവും സമുദ്രത്തിൽനിന്ന് ഉത്പാദിപ്പിക്കാവുന്ന ഊർജജം ഏതാണ്ട് ഒരു കോടി മെഗാവാട്ടാണ്! ലോകത്തിനാകെ വേണ്ട ഊർജജം ഇതിൽനിന്നു ലഭിക്കും. ഒരു ഇസ്തിരിപ്പെട്ടി ചുടാക്കാൻ വെറും **0.0002** മെഗാവാട്ട് ഊർജജം മാത്രം മതി.

തിരമാലകളിൽനിന്നും ഊർജജമെടുക്കാനുള്ള 'ടൈഡൽ മില്ലുകൾ' ഒൻപതു നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ യുറോപ്പിലെ കടലോരങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. തിരമാലകളിലെ ഊർജജമുപയോഗിച്ച് ധാന്യം പൊടിയാക്കുന്ന യന്ത്രം അന്നത്തെ ഒരു വലിയ ആകർഷണമായിരുന്നു.

# കടങ്കഥകൾ

വാനിൽ കണ്ടോ നെയ്യപ്പം
തേന്തൂറുന്നൊരു നെയ്യപ്പം
രാവിൽ ചുട്ടൊരു നെയ്യപ്പം
ചൂട്ടുപറക്കും നെയ്യപ്പം

-ചന്ദ്രൻ

ഏതു കറിക്കും രുചിയേകാൻ
കൂട്ടുവിളിക്കാറുണ്ടെന്നെ
കറികൾ വെന്തു കഴിഞ്ഞാൽ
പിന്നീടാർക്കും വേണ്ടെന്നെ

-കറിവേപ്പില

# ഫിഫ ലോകകപ്പ് ക്വിസ്

2022ലെ ലോകകപ്പ് മത്സരങ്ങൾ ഏതു രാജ്യത്ത് വച്ചാണ് നടക്കുന്നത് ?

ഉത്തരം : ഖത്തർ

1930-ലെ ആദ്യ ലോകകപ്പ് മത്സരങ്ങൾക്ക് വേദിയായ രാജ്യമേത് ?

ഉത്തരം : ഉറുഗ് വെ

നാലു പ്രവശ്യംലോകകപ്പ് മെഡൽ നേടിയ ഏകതാരം ?

ഉത്തരം : ബ്രസീലിന്റെ സഗാലോ

മറഡോണ ' ദൈവത്തിന്റെ കരം ' കൊണ്ട് ഗോൾ നേടിയത് ഏത് ലോകകപ്പിലാണ് ?

ഉത്തരം: 1982 മെസിക്കോ

ഏറ്റവും അധികം പ്രാവശ്യം ലോകകപ്പ് നേടിയ രാജ്യം ?

ഉത്തരം: ബ്രസീൽ

ലോകകപ്പ് തലസ്ഥാനം എന്നറിയപ്പെടുന്ന പട്ടണമേത് ?

ഉത്തരം: മെസിക്കോ സിറ്റി

അസ്സൂറികൾ എന്ന് വിളിക്കപ്പെടുന്ന ടീമേത് ?

ഉത്തരം: ഇറ്റലി

2014ലോകകപ്പിന്റെ ഭാഗ്യചിഹ്നം ഏതാണ് ?

ഉത്തരം: ഫുലെകൊ

2014ലോകകപ്പിൽ ഉപയോഗിച്ച ബോളിന്റെ പേരെന്താണ് ?

ഉത്തരം: ബ്രസൂക്ക




# THANK YOU